(എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന എത്ര അൺ എയ്ഡഡ് സ്ക്കൂളുകൾ ഉണ്ട്; അവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ക്കൂളുകൾക്ക് അംഗീകാരം നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1960 സ്ക്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

1	തിരുവനന്തപുരം	344
2	കൊല്ലം	260
3	പത്തനംതിട്ട	130
4	ആലപ്പുഴ	141
5	കോട്ടയം	95
6	ഇടുക്കി	90
7	എറണാകുളം	105
8	തൃശ്ശൂർ	65
9	പാലക്കാട്	140
10	മലപ്പുറം	220
11	കോഴിക്കോട്	125
12	വയനാട്	40
13	കണ്ണൂർ	110
14	കാസറഗോഡ്	95

(ബി) സംസ്ഥാനത്ത് അൺഎയ്ഡഡ് സ്ക്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് നയപരമായ തീരുമാനമില്ല.

(സി) സർവ്വെ റിപ്പോർട്ടുകൾ ശേഖരിച്ചിട്ടുണ്ട്.

എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി

27 [324] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) പ്രീഡിഗ്രി ഇല്ലാത്ത എയ്ഡഡ് ഡിഗ്രി കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ പ്രീഡിഗ്രി ഇല്ലാതെ ആരംഭിച്ച മഞ്ചേരി യൂണിറ്റി വിമൻസ് കോളേജിന് മറ്റ് കോളേജുകൾക്ക് അനുവദിച്ചപോലെ പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ്;

(സി) മഞ്ചേരി യൂണിറ്റി കോളേജിൽ പുതിയ കോഴ്സുകൾ എന്ന് അനുവദിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മുതൽ (സി) വരെ ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

എയ്ഡഡ്-അൺ · എയ്ഡഡ് മേഖലകളിലായി
അപ്ഗ്രേഡ് ചെയ്ത സ്ക്കൂളുകൾ

28 [325] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് മേഖലകളിൽ എത്ര സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി സർക്കാർ സ്വീകരിച്ച മാനദണ്ഡം എന്താണ് എന്ന് വ്യക്തമാക്കാമോ;

(സി) കുന്നമംഗലം നിയോജകമണ്ഡലത്തിൽ ഇത്തരത്തിൽ എത്ര സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതേ മണ്ഡലത്തിൽ ഇനിയും ഏതെല്ലാം സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) രണ്ട്. സർക്കാർ-1 (പാറത്തോട്, ഇടുക്കി ജില്ല), എയ്ഡഡ്-1 (തെരളായി, കണ്ണൂർ ജില്ല), അൺ എയ്ഡഡ് സ്ക്കൂളുകളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ആദിവാസി തോട്ടം തൊഴിലാളി മേഖലയിൽ തുടർപഠനത്തിന് മറ്റ് സൗകര്യം ഇല്ലാത്തതുകൊണ്ട് ഇടുക്കി ജില്ലയിലെ പാറത്തോട് ഗവ. എൽ. പി. എസ്. (തമിഴ് മീഡിയം) യു. പി. സ്ക്കൂളായി അപ്ഗ്രേഡ് ചെയ്തു. കോടതിയുടെ പ്രത്യേക നിർദ്ദേശമനുസരിച്ചാണ് കണ്ണൂർ ജില്ലയിലെ തെരളായി മോപ്പിള എൽ. പി. സ്ക്കൂൾ യു. പി. സ്ക്കൂളായി അപ്ഗ്രേഡ് ചെയ്തത്. ഈ സ്ക്കൂളിന്റെ കാര്യത്തിൽ അധിക തസ്തികകൾ എല്ലാം പ്രൊട്ടക്റ്റഡ് ടീച്ചേഴ്സിനെവച്ച് മാത്രമേ നികത്താവൂവെന്ന് പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) സ്ക്കൂളുകളൊന്നും അപ്ഗ്രേഡ് ചെയ്തിട്ടില്ല.

(ഡി) സംസ്ഥാനത്ത് സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നയപരമായ തീരുമാനമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly